വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം കാരണം അറ്റാദായത്തിലുണ്ടാകുന്ന കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വിപണന ചെലവുകൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, പലിശയിനത്തിലുള്ള വർദ്ധനവുകൾ, വൈദ്യുതി ചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തിന് വിഘാതമാകുന്ന കാരണങ്ങളാണ്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉത്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും, മൂലധനത്തിന്റെ അപര്യാപ്തതയും പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണമായിട്ടുണ്ട്.

(സി) ഈ നിർദ്ദേശം സർക്കാർ പരിഗണിക്കുന്നതാണ്.

പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികൾ

6 (*486) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിലെ പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളുടെ പണം നൽകുന്നത് തടഞ്ഞതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നത് ഇലക്ട്രിക്കൽ എൻജിനീയർമാരാണെന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തലനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇലക്ട്രിക്കൽ എൻജിനീയർമാർ നടത്തിയ നിർമ്മാണ പ്രവൃത്തികളുടെ ഗുണ നിലവാരം സിവിൽ എൻജിനീയർമാരെ ഉപയോഗിച്ച് ഉറപ്പാക്കണമെന്നുള്ള ധനകാര്യ പരിശോധനാ വിഭാഗത്തിന്റേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ-സി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ പ്രസരണ വിഭാഗത്തിലെ ചില സിവിൽ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നത് ബന്ധപ്പെട്ട സിവിൽ എൻജിനീയർമാർക്കുപകരം ഇലക്ട്രിക്കൽ എൻജിനീയർമാരാണെന്ന് കണ്ടെത്തിയതായുള്ള ധനകാര്യ (സാങ്കേതിക പരിശോധനാ വിഭാഗം) വകുപ്പ് എക്സ് ഒഫിഷ്യോ സെക്രട്ടറിയായ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിശ്ചിത യോഗ്യതയുള്ള സിവിൽ എൻജിനീയർമാർ മുഖേന മാത്രമായിരിക്കണം സിവിൽ ജോലികളുടെ നിർവ്വഹണവും/മേൽനോട്ടവും നടത്തേണ്ടതെന്ന് 10-1-2014-ലെ കത്തുമുഖേന സർക്കാർ കെ. എസ്. ഇ. ബി. ലിമിറ്റഡിന് നിർദ്ദേശം നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ടി നിർദ്ദേശം കൃത്യമായി പാലിക്കപ്പെട്ട നില്ലായെന്ന ധനകാര്യ (സാങ്കേതിക പരിശോധനാ വിഭാഗം) വകുപ്പിന്റെ റിപ്പോർട്ടിന്റെയും ആയതു സംബന്ധിച്ച ശിപാർശയുടെയും അടിസ്ഥാനത്തിൽ പ്രസരണ മേഖലയിലെ സിവിൽ ജോലികളുടെ അളവും ഗുണമേൻമയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സിവിൽ എൻജിനീയർമാർ പരിശോധിച്ച് ഉറപ്പുവരുത്തിയതിനു ശേഷമേ ടി ജോലികളുടെ പണം നൽകാവൂ എന്ന് 2-2-2015-ലെ സർക്കാർ കത്തു മുഖാന്തരം നിർദ്ദേശിക്കുകയുണ്ടായി.

സർക്കാരിൽ നിന്നുള്ള നിർദ്ദേശം പരിഗണിച്ച് പ്രധാനപ്പെട്ട സിവിൽ നിർമ്മാണ പ്രവൃത്തികളെല്ലാംതന്നെ സിവിൽ വിഭാഗം എഞ്ചിനീയർമാർ നിർവ്വഹിക്കണമെന്നും, ഇതിനായി ഓരോ ട്രാൻസ്മിഷൻ സർക്കിളും കേന്ദ്രീകരിച്ച് സിവിൽ സബ് ഡിവിഷൻ രൂപീകരിക്കണമെന്നും 1-6-2015-ൽ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രസരണ മേഖലയിലെ പ്രധാനപ്പെട്ട എല്ലാ സിവിൽ ജോലികളുടേയും രൂപകൽപ്പനയും നിർമ്മാണ മേൽനോട്ടവും അതതു സർക്കിളുകളിൽ നിയമിച്ചിട്ടുള്ള സിവിൽ എൻജിനീയർമാർ തന്നെയാണ് നടത്തുന്നതെന്നും കൂടാതെ ടി നിർമ്മാണ പ്രവൃത്തികളുടെ ബില്ലുകൾ പരിശോധിക്കുന്നത് സിവിൽവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമാണ് എന്നും കെ. എസ്. ഇ. ബി. ലിമിറ്റഡ് സർക്കാരിനെ അറിയിക്കുകയുണ്ടായി.

കെ.എസ്.ഇ.ബി.-യുടെ റിപ്പോർട്ട പ്രകാരം പ്രസരണ വിഭാഗത്തിലെ പ്രധാനപ്പെട്ട സിവിൽ നിർമ്മാണ പ്രവർത്തനങ്ങളായ യാർഡ് ലെവലിങ്ങ്, ചുറ്റുമതിൽ നിർമ്മാണം, ഓഫീസ്/കൺട്രോൾ റൂം, ക്വാർട്ടേർസ് എന്നിവയുടെ നിർമ്മാണം, റോഡ്, വാട്ടർടാങ്ക് മുതലായ ജോലികളുടെ രൂപകല്പനയും നിർമ്മാണ മേൽനോട്ടവും നിർവ്വഹിച്ചുവരുന്നത് സിവിൽ എൻജിനീയർമാരാണ്. താരതമ്യേന ചെറിയ പ്രവൃത്തികളായ ഇലക്ട്രിക്കൽ യന്ത്രസാമഗ്രികളുടെ ഫൗണ്ടേഷൻ നിർമ്മാണം, കേബിൾ ട്രഞ്ച് തുടങ്ങിയവയുടെ മേൽനോട്ടം മാത്രമേ ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയർമാർ നടത്തുന്നുള്ളൂ. നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഇതു സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും വ്യവസ്ഥാപിതമായ ഒരു വിജിലൻസ് വിഭാഗവും കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രവർത്തിക്കുന്നുണ്ട്.

മുഴുവൻ പ്രവൃത്തികളുടേയും പണം നൽകുന്നത് തടയുന്നത് പ്രസരണ വിഭാഗത്തിലെ വിവിധ പദ്ധതികളെ പ്രതികൂലമായി ബാധിക്കുമെന്നും ആയത് പ്രസരണ നഷ്ടത്തിലേക്ക് നയിക്കുമെന്നും കെ.എസ്.ഇ.ബി.എൽ., അറിയിക്കുകയും സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവൃത്തി നിർവ്വഹണം നടന്നുവെന്ന് ബോധ്യപ്പെടുന്ന പ്രവൃത്തികളുണ്ടെങ്കിൽ ആയവയിൽ മാത്രം നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സിവിൽ എൻജിനീയർമാരുടെ മാത്രമായുള്ള മേൽനോട്ടം പ്രധാനപ്പെട്ട സിവിൽ വർക്കുകൾക്ക് മാത്രം മതിയാകുമെന്നതിനാൽ ഒരു നിശ്ചിത പരിധിക്കുമുകളിലുള്ള ജോലികൾക്കു മാത്രം സിവിൽ എൻജിനീയർമാരുടെ മേൽനോട്ടം നിർബന്ധമാക്കുന്നതു സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ധനകാര്യ പരിശോധനാവിഭാഗവുമായി കൂടിയാലോചിച്ചുകൊണ്ട് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാവുന്നതാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രസരണ വിഭാഗത്തിലെ നിർമ്മാണ പ്രവൃത്തികളുടെ പണം നൽകുന്നത് തടയണമെന്ന നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടില്ല.

മുദ്രപ്പത്രവില, രജിസ്ട്രേഷൻ ഫീസ് മുഖേനയുള്ള വരുമാനത്തിലെ കുറവ്

7 (*487) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> :

<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുദ്രപ്പത്രവില, ആധാര രജിസ്ട്രേഷൻ ഫീസ് എന്നിവയിലൂടെയുള്ള വരുമാനത്തിൽ ഓരോ വർഷവും കുറവുവരുകൊണ്ടിരിക്കുന്നതിന്റെ കാരണങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഭൂമിയുടെ ന്യായവിലയിൽ വരുത്തിയ വർദ്ധന ഇതിനു കാരണമായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) വിദേശ നാണ്യ വരുമാനത്തിൽ കാലാനുസൃത വർദ്ധന രേഖപ്പെടുത്തിയിട്ടും ഭൂമിയിലുള്ള നിക്ഷേപം കുറയുന്നതിന്റെയും തദനുസരണമായി മുദ്രപ്പത്ര വില വരുമാനം കുറയുന്നതിന്റെയും കാരണങ്ങളെക്കുറിച്ച് പരിശോധിക്കുമോ ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly